കോ ഗൃധ്യേത് പണ്ഡിതോ ലക്ഷ്മീം ത്രിവിഷ്ടപപതേരപി
യയാഹമാസുരം ഭാവം നീതോ*f*ദ്യ വിബുധേശ്വര: **(6–7–12)**
ആചാര്യോ ബ്രഹ്മണോ മൂർത്തി: പിതാ മൂർത്തി: പ്രജാപതേ:
ഭ്രാതാ മരുത് പതേർമ്മൂർത്തിർമ്മാതാ സാക്ഷാത് ക്ഷിതേസ്തനു: **(6–7–29)**
ദയായാ ഭഗിനീ മൂർത്തിർധർമ്മസ്യാത്മാതിഥി: സ്വയം
അഗ്നേരഭ്യാഗതോ മൂർത്തി: സർവ്വഭൂതാനി ചാത്മന: **(6–7–30)**

ശുകമുനി തുടർന്നു: ഒരു ദിവസം ദേവരാജാവായ ഇന്ദ്രൻ സ്വർഗ്ഗത്തിൽ മറ്റു ദേവൻമാരോടും വിണ്ണവരോടും കൂടിയിരിക്കുകയായിരുന്നു. സ്വർഗ്ഗഗായകർ ഇന്ദ്രൻെറ മഹത്വങ്ങളെ വാഴ്ത്തിപ്പാടി. ആ സമയത്ത് ദേവരാജാവായ ബ്രഹസ്പതി സഭയിലേക്കു കടന്നുവന്നു. ഇന്ദ്രൻ എഴുന്നേൽക്കുകയോ ഗുരുവിനെ വന്ദിക്കുകയോ ചെയ്തില്ല. ബ്രഹസ്പതിക്ക് വേണമെങ്കിൽ ഇന്ദ്രനെ ശിക്ഷിക്കാമയിരുന്നുവെങ്കിലും അദ്ദേഹമതു ചെയ്തില്ല. രാജഗർവ്വം വർദ്ധിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചുമില്ല. ആരോടും പറയാതെ ഗുരു സഭ വിട്ടുപോയി. ഇന്ദ്രന് ഉടനേ തന്നെ തൻെറ വിഡ്ഢിത്തം മനസ്സിലായി. മനസ്താപം തോന്നുകയും ചെയ്തു. “സ്ഥാനമാനങ്ങളും അധികാരവും ഒരുവനെ ചീത്തയാക്കുന്നു. സ്വർഗ്ഗരാജപദവിയും അധികാരവും ആരാണ് മോഹിക്കുന്നത്? ആ പദവി കാരണം ദേവരാജാവായ ഞാൻ അസുരന്മാരുടെ നിലവാരത്തിലേക്ക് അധ:പതിച്ചിരിക്കുന്നു.” ഇന്ദ്രന് ബ്രഹസ്പതിയുടെ സാന്നിദ്ധ്യം ആവശ്യമായിത്തോന്നി. പക്ഷേ അദ്ദേഹം അദൃശ്യനായിക്കഴിഞ്ഞിരുന്നു. ഗുരുവും മാർഗ്ഗദർശിയുമില്ലാതെ ഇന്ദ്രൻ, ചുക്കാനില്ലാത്ത കപ്പൽപോലെ അലഞ്ഞു. ദേവശത്രുക്കളായ രാക്ഷസർ സ്വർഗ്ഗത്തിലെ അവസ്ഥ മനസ്സിലാക്കി ദേവന്മാരെ ആക്രമിച്ചു കീഴടക്കി. രാജ്യത്തിൻെറ പലേ ഭാഗങ്ങളും അവരുടെ കീഴിലായി. ദേവന്മാർ ബ്രഹ്മാവിൻെറയടുക്കൽ സങ്കടമുണർത്തിച്ച് അവർക്കുണ്ടായ പരാജയത്തെപ്പറ്റി പറഞ്ഞു.

ബ്രഹ്മാവ് പറഞ്ഞു: “നിങ്ങൾ ഗുരുവിനെ നിന്ദിച്ചതിൻെറ ഫലമായിട്ടാണ് ശത്രുവിൽനിന്നും ഈ പരാജയം ഉണ്ടായത്. അവർ ശക്തരായത് അവർ തങ്ങളുടെ ഗുരുവിനെ അനുസരിച്ച് ബഹുമാനിച്ചു നടക്കുന്നതു കൊണ്ടാണ്. അവർ തങ്ങളുടെ ഗുരുവിനോട് കാണിക്കുന്ന ഭക്തി കൊണ്ടുണ്ടാവുന്ന ശക്തിയാൽ എൻെറ ഇരിപ്പിടം പോലും അവർക്ക് കീഴടക്കാനായേക്കും. ഏതൊരുവൻ സന്യാസികളേയും, ഭഗവാനേയും, പശുക്കളേയും പൂജിച്ച് ബഹുമാനിക്കുന്നുവോ അവന് ദുര്യോഗങ്ങൾ ഉണ്ടാവുന്നതല്ല. അതുകൊണ്ട് വിശ്വരൂപമുനിയെ ചെന്നു കാണുക. അദ്ദേഹം തപശ്ചര്യകൊണ്ട് ഉന്നതനായ ഋഷിവര്യനത്രെ. അദ്ദേഹത്തോട് നിങ്ങളുടെ ഗുരുവായിരിക്കാൻ യാചിച്ചപേക്ഷിക്കുക. ശത്രുക്കളോട് അനുകമ്പയുണ്ട് അദ്ദേഹത്തിനെങ്കിലും അതു വകവെക്കാതിരിക്കുക. നിങ്ങൾക്ക് ഇതു മാത്രമേ വഴിയുള്ളു.” ദേവന്മാർ വിശ്വരൂപനെ ചെന്നു കണ്ട് ഇങ്ങിനെ പ്രാർത്ഥിച്ചു. “അങ്ങ് പ്രതീക്ഷിക്കാത്ത അതിഥികളായി ഞങ്ങൾ വന്നിരിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥന കേട്ടാലും മഹാമുനേ കാരണം, ഗുരു പരബ്രഹ്മത്തിൻെറ പ്രതീകമത്രെ. അഛൻ സൃഷ്ടാവിൻേറയും, അമ്മ ഭൂമീദേവിയുടെയും, സഹോദരൻ ഇന്ദ്രൻെറയും, സഹോദരി കരുണയുടെയും, പ്രതീക്ഷിക്കാത്ത അതിഥി ശ്രേഷ്ഠതയുടെയും, അതിഥി അഗ്നിയുടേയും എല്ലാ ജീവജാലങ്ങളും പരമാത്മാവിൻേറയും പ്രതീകങ്ങളത്രെ. ഞങ്ങൾ അസുരന്മാരാൽ തോൽപ്പിക്കപ്പെട്ട് വന്നിരിക്കുകയാണ്. ഞങ്ങൾക്കു മാർഗ്ഗനിർദ്ദേശം തരാൻ ഒരു ഗുരുവില്ല. ദയാവായി ഞങ്ങളുടെ ഗുരുവായി വന്നാലും.”

വിശ്വരൂപൻ പറഞ്ഞു: പൂജാരിയായി ദക്ഷിണ വാങ്ങിക്കുന്നവൻെറ ജോലി, മാനഹാനിപരമത്രെ. ഞങ്ങൾ ദരിദ്രരായിക്കഴിഞ്ഞ് സംഗതിവശാൽ കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടേണ്ടവരാണ്. അല്ലാതെ പൂജാരിയായി ധനം സമ്പാദിക്കേണ്ടവരല്ല. എന്നാലും നിങ്ങളെപ്പോലുള്ള നല്ലയാളുകളുടെ അഭ്യർത്ഥന നിരസിക്കുന്നതെങ്ങിനെ? അതുകൊണ്ട് ഞാൻ നിങ്ങളുടെ ആഗ്രഹപ്രകാരം, എൻെറ സ്വന്തം താൽപര്യങ്ങൾ ബലികഴിച്ചിട്ടായാലും നിങ്ങൾക്ക് ഗുരുവായിരിക്കാം.